# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.24 — 06.01.2014 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

**ചോദ്യം**

ശ്രീ.ജി.സുധാകരൻ

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; ആയതിൽ ഇതുവരെ തീർപ്പാക്കാത്തവ എത്ര; വ്യക്തമാക്കുമോ; | എ)ഒന്നാംഘട്ടത്തിൽ 48,309 അപേക്ഷകൾ ലഭിച്ചു. അതിൽ 35,161 അപേക്ഷകൾ തീർപ്പാക്കി. 13,148 അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) ജനസമ്പർക്ക പരിപാടി രണ്ടാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; ആയതിൽ തീർപ്പാക്കിയവ എത്ര; | ബി) രണ്ടാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ 25,307 അപേക്ഷകൾ ലഭിച്ചു. അതിൽ 3,287 അപേക്ഷകൾ തീർപ്പാക്കി. |
| സി) ഓരോ ഘട്ടത്തിലും ചികിത്സാ സഹായമായി എത്ര പേർക്ക് എന്തുതുക നൽകിയെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വിശദമാക്കുമോ? | സി) ജനസമ്പർക്ക പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ 5,497 പേർക്കായി 2,81,17,500 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 2,128 പേർക്കായി 2,59,53,500 രൂപ ധനസഹായമായി അനുവദിച്ചിട്ടുള്ളതും അതിൽ 1,12,71,500 രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്. നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |

Kuttakuttan

സെക്ഷൻ ഓഫീസർ